പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1213 12/07/2011 ൽ മറുപടിക്ക്

പി.എസ്.സി. ലിസ്റ്റുകൾക്ക് കാലാവധി നീട്ടുന്നതിനുള്ള തീരുമാനം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പെൻഷൻപ്രായം ഏകീകരിച്ച സാഹചര്യത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ മാർച്ച് 31വരെ നീട്ടുവാനുള്ള മുൻ സർക്കാരിന്റെ തീരുമാനം ഇത്തവണ നടപ്പിലാക്കുമോ ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) റാങ്ക്ലിസ്റ്റുകളുടെ കാലാവധി ഒരു വർഷക്കാലത്തേക്ക് നീട്ടണമെന്ന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിരുന്നോ; മതിയായ കാരണങ്ങൾ പി.എസ്.സി.യോട് ബോധിപ്പിച്ചിരുന്നോ; | (ബി) 2011 ഏപ്രിൽ മാസത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് കാരണം പി.എസ്.സി. നിയമനങ്ങൾ മന്ദീഭവിച്ചതിനാൽ 31.5.2011–നും, 30.6.2011–നും കാലാവധി അവസാനിക്കുന്ന നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറു മാസത്തേക്കുകൂടി ദീർഘിപ്പിക്കുവാൻ സർക്കാർ പി.എസ്.സി.യോട് ആവശ്യപ്പെട്ടിരുന്നു. |
| (സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി 2012 മാർച്ച് വരെ നീട്ടാത്ത സാഹചര്യത്തിൽ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാനിടയുണ്ടെന്ന കാര്യം പരിഗണിക്കുന്നുണ്ടോ; | (സി) നടപ്പു സാമ്പത്തിക വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യാനും, റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്ന ദിവസം വരെയുള്ള ഒഴിവുകൾ കണക്കിലെടുത്ത് ഒഴിവുകൾ പി.എസ്.സിയെ അറിയിക്കാനും നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നതിനാൽ ഉദ്യോഗാർത്ഥികൾക്ക് അവസര നഷ്ടം ഉണ്ടാകുന്നില്ല. |
| (ഡി) സംസ്ഥാനത്തെ ഏതെങ്കിലും വകുപ്പുകളിൽ നിയമന നിരോധനം നിലവിലുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ഡി) സർക്കാർ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള കർശന മായ നിർദ്ദേശം എല്ലാ വകുപ്പു മേധാവികൾക്കും നല്കികഴിഞ്ഞു. |

സെക്ഷൻ ഓഫീസർ